

# ബൈബിൾ ട്രൂത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

*** *** ***

Published by Churc hof Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 7 October 1993 No. 7


അഭിമാനം എല്ലാവർക്കും ആവശ്യമാണ്. എന്നാൽ ദുരഭിമാനം ഒരു ദുഷിച്ച പ്രവണതയാണ്. ഇല്ലാത്ത മേന്മ ഉണ്ടെന്നു വരുത്തി തീർത്തു അതിൽ നിന്നും മററുള്ളവരുടെ പുകഴ്ച്ചയും മാനവും സമ്പാദിക്കുന്ന ഒരു കൂട്ടം ആളുകളുണ്ട് അതിനു ഭാഷയോ, മതമോ സംസ്കാരമോ, വർഗ്ഗഭേദമോ ഇല്ല. ഒരു തരം മാനസികാസക്തിയാണെന്നു പറയാം. ബാല്യം മുതൽ മനുഷ്യരിൽ അടങ്ങിയിരിക്കുന്ന ഒരു ദുർവാസനയാണ് എന്നും പറയാം. സത്യത്തെ യാഥാർത്ഥ്യബോധത്തോടെ കാണുവാനുള്ള കഴിവില്ലായ്മയാണ് ഇത്തരക്കാരെ ഭരിക്കുന്നതു. ബൈബിളിൽ കർത്താവ് പ്രതിപാദിച്ചിരിക്കുന്നതു നിങ്ങളുടെ വാക്കുകൾ ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നും ആയിരിക്കട്ടെ എന്നത്രെ. ഇതിനപ്പുറമായി വരുന്നതു പിശാചിൽ നിന്നും അത്രെ വരുന്നതു. ഉള്ളതു പോലെ കാണുവാനും അതിൽ സംതൃപ്തി അടയുവാനും ആണ് എല്ലാവരും മുതിരേണ്ടതു. അതിൽ മാത്രമെ യഥാർത്ഥ സുഖവും സന്തോഷവും നീണ്ടുനിൽക്കയുള്ളു. നമ്മുടെ യുവതലമുറയെ നാം വളർത്തേണ്ടതു അഭിമാനമുള്ളവരായിട്ടാണ്; ദുരഭിമാനം വളർത്തുന്നവരായിട്ടായിരിക്കരുതു. എനിക്കും നിങ്ങൾക്കും സമൂഹത്തോടുള്ള കടപ്പാട് ശരിയായി നമുക്കു നിറവേററാം.

എഡിററർ

# ഭയങ്കര ന്യായവിധി നാൾ

## J. C. ചോട്ട്

ഒരു ന്യായവിധി ദിവസമുണ്ടെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. അതു അനേക കാരണങ്ങളാൽ വലുതും ഭയങ്കരവുമായിരിക്കും.

1. എപ്പോഴായിരിക്കും ആ ദിവസമെന്ന് ഒരു മനുഷ്യനും അറിഞ്ഞുകൂടാ. കർത്താവ് നിശ്ചയിച്ചിരിക്കുന്ന ദിവസമാണ് അതു. ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു ദൈവം നിശ്ചയിച്ചിരിക്കയാൽ അതു സത്യമാണ് (എബ്രായർ 9:27).

2. മുൻപ് ജീവിച്ചിരുന്നവരും ഇപ്പോൾ ജീവിക്കുന്നവരും ഇനി ജീവിക്കാനിരിക്കുന്നവരും അവിടെ അന്ന് ഉണ്ടാകും. മാനുഷികമായ സങ്കൽപത്തിന് അപ്പുറമെങ്കിലും കർത്താവിനു സകലവും സാദ്ധ്യമാണ്. പൌലൊസ് എഴുതിയിരിക്കുന്നതു: നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായവിസ്താരത്തിനു മുൻപിൽ പ്രത്യക്ഷരാകേണം (2 കൊരിന്ത്യർ 5:10). ആകയാൽ നാം ഓരോരുത്തരും ദൈവത്തിനു കണക്കു കൊടുക്കേണ്ടിവരും (റോമർ 14:12).

3. ക്രിസ്തു മുഖാന്തരവും അവന്റെ വചനപ്രകാരവുമാണ് ദൈവം എല്ലാവരേയും ന്യായം വിധിക്കുന്നതു. സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതൻമാരുടെ സഭക്കും എല്ലാവരുടേയും ദൈവമായ ന്യായാധിപതിക്കും സിദ്ധൻമാരായ നീതിമാൻമാരുടെ ആത്മാക്കൾക്കും പുതു നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ

രക്തത്തേക്കാറം ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിനും അടുക്കലെത്രെ നിങ്ങറം വന്നിരിക്കുന്നതു (എബ്രായർ 12.23-24). അഥേനയിലുള്ളവരോടു പൌലൊസ് വിശദീകരിച്ചതു: "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോറം എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്നു മനുഷ്യരോടു കൽപിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേൽപിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നൽകിയുമിരിക്കുന്നു (പ്രവൃത്തി 17:30-31). ക്രിസ്തു പ്രസ്താവിച്ചതു: "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്, ഞാൻ സംസാരിച്ച വചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും" എന്നത്രെ (യോഹന്നാൻ 12:48).

4. നമ്മുടെ ചിന്തകളാലും വാക്കുകളാലും നാം എങ്ങനെ ജീവിച്ചുവോ അതിനു അനുസരിച്ചതായ വിധിയായിരിക്കും നമുക്ക് അനുഭവപ്പെടുക. ക്രിസ്തുവിന്റെ പ്രഖ്യാപനം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "നല്ല മനുഷ്യർ തന്റെ നല്ല നിക്ഷേപത്തിൽ നിന്നു നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർ നിക്ഷേപത്തിൽ നിന്നു തീയതു പുറപ്പെടുവിക്കുന്നു. എന്നാൽ മനുഷ്യൻ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടി വരും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്താ. 12:35-37).

5. കർത്താവ് മുഖപക്ഷം കാണിക്കുന്നവനല്ല. ദൈവത്തെ സംബന്ധിച്ച് നമ്മെ പഠിപ്പിച്ചിരിക്കുന്നതു: ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലൊ (റോമർ 2:11). കൊലൊസ്യയിലുള്ള സഹോദരന്മാരെ പ്രബോധിപ്പിച്ചുകൊണ്ട് പൌലൊസ് എഴുതിയിരിക്കുന്നതു: "അന്യായം ചെയ്യുന്നവൻ താൻ ചെയ്ത അന്യായത്തിനു ഒത്തതു പ്രാപിക്കും;

മുഖപക്ഷം ഇല്ല - ജാതികളിൽ നിന്നു ആദ്യമായി സുവിശേഷം അനുസരിച്ചു ക്രിസ്ത്യാനികളാവുന്നതു കൊർന്നെല്യോസും കുടുംബവുമായിരുന്നുവല്ലൊ. ആ സന്ദർഭത്തിൽ എല്ലാവരേയും ഓർമ്മിപ്പിക്കുന്ന കാര്യം നാം മനസ്സിലാക്കിയിരിക്കണം. അവരേയും ദൈവം അംഗീകരിക്കുന്നു എന്നാണ് തെളിയിച്ചുകൊടുത്തതു. "അപ്പോൾ പത്രൊസ് വായി തുറന്നു പറഞ്ഞുതുടങ്ങിയതു: ദൈവത്തിന്നു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു. അവൻ എല്ലാവരുടേയും കർത്താവായ യേശുക്രിസ്തുമൂലം സമാധാനം സുവിശേഷിച്ചുകൊണ്ടു യിസ്രായേൽ മക്കൾക്കു അയച്ച വചനം" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ദൈവീക മൂല്യങ്ങളെ നാം തിരിച്ചറിഞ്ഞെങ്കിലേ ദൈവത്തിന്റെ പ്രവൃത്തികളെ ആസ്വദിക്കാൻ കഴിയൂ. മാനുഷികബുദ്ധിക്കനുസരിച്ചുള്ള ഒരു വിധിയല്ല ദൈവത്തിന്റേതു എന്ന് നാം ഓർമ്മിക്കണം.

6. അവസാനമായിരിക്കും ന്യായവിധി. ഒരിക്കൽ ഒരാൾ മരിച്ചു കഴിഞ്ഞാൽ കർത്താവിന്റെ മുൻപിൽ അവന്റെ അവസ്ഥ മാററാവുന്നതല്ല. രണ്ടാമതൊരു ചിന്തക്കു സാവകാശം കിട്ടുകയില്ല എന്നു സ്പഷ്ടം. അവന്റെ ബന്ധുക്കളോ സ്നേഹിതരോ വിചാരിച്ചാൽ അയാളെ രക്ഷിപ്പാൻ സാദ്ധ്യമല്ല. പിന്നീട് മരിച്ച വ്യക്തിക്കുവേണ്ടി പ്രാർത്ഥനയോ പൂജയോ മറെറന്തു കർമ്മങ്ങളോ ചെയ്താലും ഫലമില്ല. എത്ര പൈസ കൊടുത്തു ആഡംബരത്തോടെ പ്രാർത്ഥിപ്പിച്ചാലും യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് സുവിശേഷം കേട്ട്, അനുസരിച്ച് കർത്താവിനെ എതിരേൽപാൻ ഒരുങ്ങിയിരിക്കണം. തന്നെയുമല്ല. മരണപര്യന്തം വിശ്വസ്തമായ ജീവിതം നയിക്കുക കൂടെ വേണം. കാരണം അതിനുശേഷം പിന്നെ ചിന്തിച്ചിട്ട് ഫലമുണ്ടാകയില്ല (മർക്കൊസ് 16:16; വെളിപ്പാട് 2:10).

7. ദുഷ്ടൻമാരെ കർത്താവ് നിത്യശിക്ഷാവിധിയിലേക്ക് അയയ്ക്കുന്നതായിരിക്കും. നീതിമാൻമാരെ നിത്യജീവങ്കലേക്കും അയക്കും (മത്തായി 25:46). ഒരാം എത്ര കാലം കഴിയുന്നുവോ അത്രയും കാലം മറെറ ആരംക്കും കഴിയേണ്ടിവരും. മറെറാരർത്ഥത്തിൽ പറഞ്ഞാൽ, നഷ്ടപ്പെട്ടവനും, പാപിയും അഭക്തനും അവിശ്വസ്ഥനും, യാതനാസ്ഥലത്തേക്കും നരകത്തിലേക്കും തള്ളിവിടപ്പെടും. ഇതു ന്യായമാണോ? സ്നേഹവാനായ ഒരു ദൈവം അങ്ങനെ ചെയ്യുമോ ? ദൈവത്തെ ഒരിക്കലും പഴിക്കാതിരിക്കുക. ദൈവം എല്ലാവരേയും സ്നേഹിക്കുന്നതുകൊണ്ടാണല്ലോ എല്ലാവരേയും രക്ഷിക്കേണ്ടതിനു തൻെറ ഏകജാതനായ പുത്രനെ ഈ ലോകത്തിലേക്കു അയച്ചതു. രക്ഷക്കുള്ള സാദ്ധ്യതയും എല്ലാവർക്കും തുറന്നുകൊടുക്കയും ചെയ്തു. ഒരാം ആ സ്നേഹവും, കൃപയും, കരുണയും തള്ളിക്കളയുന്നതുകൊണ്ട് ആ വ്യക്തി, ഭൂമിയിൽ ചെയ്ത പ്രവൃത്തിയുടെ ഫലം അനുഭവിക്കേണം. അതിനു മററാരേയും കുററപ്പെടുത്തിയിട്ടു കാര്യമില്ല. ദൈവത്തിൻെറ അരുളപ്പാടുകളെ അനുസരിച്ച് മരണം വരെ വിശ്വാസജീവിതം നയിച്ചവരെ ദൈവം സ്വർഗ്ഗത്തിലേക്കു എടുക്കയും എന്നേക്കും അവർ കർത്താവിനോടുകൂടെ ഇരിക്കുകയും ചെയ്യും.

നാം ന്യായവിധിയെ കുറിച്ചു ബോധമുള്ളവരായിരിക്കണം. ഒരുങ്ങി ഇരിക്കേണ്ടതു നമ്മുടെ ആവശ്യമാണ്. നീതിമാൻമാരായി തീരുന്നവർക്കു ദൈവം വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങരം നഷ്ടപ്പെടുത്തരുതു. ന്യായവിധിനാളിൽ ആരും ലജ്ജിക്കപ്പെടാതിരിക്കട്ടെ എന്ന് നമുക്കു പ്രത്യാശിക്കാം.

★

# മററുള്ളവരുടെ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നവർ

**ബെററി B. C**

ചിലപ്പോൾ കുട്ടികൾ ഉല്ലാസത്തിനായി കളികളിൽ വ്യാപൃതരായിതീരാറുണ്ട്. ഒരു കൂട്ടം കുട്ടികൾ അവരുടെ നായികയെ തെരഞ്ഞെടുത്ത ശേഷം അവർ വൃത്തത്തിൽ ഇരിക്കും. എന്നിട്ട് നായിക എഴുന്നേററു ഒരു സന്ദേശം അടുത്തയാളിൻെറ ചെവിയിൽ മന്ദമായി പറയും. ആ കുട്ടി അതു വേഗത്തിൽ തൊട്ടടുത്തുള്ള ആളിൻെറ ചെവിയിൽ രഹസ്യമായി പറയണം. അങ്ങനെ ഓരോരുത്തരും കേട്ടതു അതിവേഗത്തിൽ മറെറാരാളോടു മന്ത്രിച്ച് മന്ത്രിച്ച് അവസാനം ഇരിക്കുന്ന ആൾക്കു കിട്ടിയ വർത്തമാനം നായികക്കു കൊടുക്കുന്നു. എന്നിട്ട് നായിക ആദ്യം പറഞ്ഞ ദൂതും ഇപ്പോൾ തനിക്കു കിട്ടിയ ദൂതും ഉറക്കെ പറയുമ്പോൾ വലിയ പൊട്ടിച്ചിരിയാണ് കേൾക്കാറ്. കാരണം ആദ്യം പറഞ്ഞതിൽ നിന്നും വ്യത്യസ്ഥമായ വർത്തമാനമാണ് ചുരുങ്ങിയ സമയം കൊണ്ട് കൈമാറിവന്നതു. വിനോദപ്രദമായ ഒരു കളിയാണ് ഇതെങ്കിലും ഇതിൽ അടങ്ങിയിരിക്കുന്ന ഒരു വസ്തുത നമ്മെ ചിന്തിപ്പിക്കുന്നതാണ്.

കുട്ടികളുടെ ഈ കളിയെ അറിയപ്പെടുന്നതു പരദൂഷണം എന്ന പേരിലാണ്. ആളുകൾ ഈ പരദൂഷണപ്രക്രിയ നടത്തുമ്പോൾ അതു എത്രമാത്രം സഞ്ചരിക്കുന്നുവോ അത്രമാത്രം കാര്യമായ വ്യത്യാസം ആ വാർത്തക്കു വരുന്നു. എന്നാൽ ഈകളിയിൽ നിന്നും വ്യത്യസ്ഥമായ ഒന്നാണല്ലോ യഥാർത്ഥ ജീവിതം. ജീവിതത്തിൽ ആരെയെങ്കിലും വൃണപ്പെടുത്തുകയെന്നതു കളിയായ ഒന്നല്ല. ഇതൊരു രസമായി കരുതുന്നവരുണ്ട്. പക്ഷെ അതിൻെറ അനന്തര ഫലമോ അതി വിചിത്രമായിപോകുന്നു.

പരദൂഷണത്തെക്കുറിച്ച് തിരുവെഴുത്തു ചില കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ചില സ്ത്രീകൾ തൊഴിലില്ലാതിരിക്കുമ്പോൾ പഠിക്കേണ്ടതും പരിശീലിക്കേണ്ടതുമായ പലതുണ്ട്. അത്രയുമല്ല, അവർ വീടുതോറും നടന്നു മിനക്കെടുവാനും ശീലിക്കും; മിനക്കെടുക മാത്രമല്ല, വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തതു സംസാരിക്കും (1 തിമൊഥെയോസ് 5:13).

ക്രിസ്തീയ സ്ത്രീക്കു പരദൂഷണകുററം താങ്ങാവുന്ന ഒന്നല്ല. നമ്മുടെ ചുണ്ടുകളിൽ നിന്നു പുറപ്പെടുന്നതും സഞ്ചരിക്കുന്നതുമായവയെ നാം വളരെ ശ്രദ്ധിക്കണം. ആരെ സംബന്ധിച്ചാണെങ്കിലും എന്തിനെക്കുറിച്ചാണെങ്കിലും പറയുന്നതിനുമുൻപ് ആലോചിച്ച് പരിശോധന കഴിഞ്ഞശേഷമേ പുറത്തു പറയാവൂ.

1. ഇതു വാസ്തവമോ ? ഒരു വസ്തുത ഞാൻ കേൾക്കുന്നു എന്നിരിക്കട്ടെ. അതു വാസ്തവമാണോ എന്ന് അറിഞ്ഞുകൂടെങ്കിൽ അതു മററാരോടും പറയാതിരിക്കണം. ഇതു ആവർത്തിക്കാതിരിക്കാൻ ശ്രമിക്കയും വേണം.

2. ഇതു ദയയോടു കൂടിയതോ ? ഞാൻ കേട്ട വാർത്ത ശരിയാണെങ്കിൽ പോലും അതു ഞാൻ ആവർത്തിച്ച് പറഞ്ഞുകൊണ്ടു നടന്നാൽ ആ വ്യക്തിയോടു ഞാൻ ദയവു കാണിക്കുകയാണോ ? അങ്ങനെയെങ്കിൽ അതും ഒരു നല്ല വർത്തമാനമാണെങ്കിൽ, നല്ലൊരു കാര്യമാണെങ്കിൽ ഞാൻ അതു എല്ലാവരോടും പറയുവാൻ ആഗ്രഹിക്കും. പക്ഷെ അതു ആരെയെങ്കിലും ഏതെങ്കിലും വിധത്തിൽ മുറിപ്പെടുത്തുന്നതാണെങ്കിൽ ആ വാർത്ത പുറത്തുപോകാൻ, സത്യമാണെങ്കിൽ പോലും ഞാൻ അറിഞ്ഞുകൊണ്ട് അനുവദിക്കുകയില്ല.

3. ഇതു അത്യാവശ്യമോ ? ചില സന്ദർഭങ്ങളിൽ മോശമായ വസ്തുത സത്യമാണെന്നിരിക്കെ അതു പ്രത്യേക ചില

ആളുകളോടു പറയേണ്ടതാണ്. ഈ തെററു ചെയ്യുന്നവരുടെ അഭ്യുന്നതിയെ കാംക്ഷിക്കുന്ന ആളുകളോടു മാത്രം ഇതു വെളിപ്പെടുത്തി അവരെ അതിൽ നിന്നു പിന്തിരിപ്പിക്കയും നിയന്ത്രിക്കുകയും വേണം. ഇത്തരം സന്ദർഭങ്ങളിൽ മാത്രം ക്രിസ്തീയ സ്ത്രീകൾ ഈ കാര്യങ്ങൾ അറിവോടു കൂടെയുള്ളതു പറയേണ്ടവരോടു പറയണം. ഈ അവസരത്തിൽ അതു പറയുന്ന സ്ത്രീയുടെ മനോഭാവം ആത്മാർത്ഥതയോടെ ആകണം. അതു അവതരിപ്പിക്കുമ്പോൾ നമുക്കുള്ള ദുഃഖവും വേദനയും പ്രകടമാക്കുന്ന മനോഭാവമാകണം ഉണ്ടാകേണ്ടതു അല്ലാതെ പരദൂഷണത്തിൻെറ സ്വാദ് കലർന്ന രീതി ഒരിക്കലും അവലംബിക്കരുതു.

ശാരീരിക അവയവങ്ങളെ നാം എത്രമാത്രം നിയന്ത്രിക്കേണ്ടതാണ് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. "നാം എല്ലാവരും പലതിലും തെററിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെററാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണ പൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിൻെറ ശരീരം മുഴുവനും തിരിക്കുന്നുവല്ലൊ. കപ്പലും എത്ര വലിയതു ആയാലും കൊടുങ്കാററടിച്ചു ഓടുന്നതായാലും അമരക്കാരൻ ഏററവും ചെറിയ ചുക്കാൻ കൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നേ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതി ലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈ വകയെല്ലാം മനുഷ്യജാതിയോടു മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു.

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ആയതിനാൽ അവരുടേതായ 'ബൈബിൾ' പറയുന്നത്——മനുഷ്യൻെറ ശരീരം (ദേഹം) കൊല്ലപ്പെടും. അങ്ങനെ ആ വ്യക്തി മരിക്കുന്നു. പക്ഷേ അപ്രകാരം മരിച്ച വ്യക്തിയെ മരണത്തിനുശേഷവും ശിക്ഷാവിധിയിലേക്ക് നയിക്കുവാൻ ഇട വരുന്നു. അതായത് "**കൊന്നിട്ടും നരകത്തിൽ തള്ളിക്കളയുവാൻ** (അവിടെ യാതന അനുഭവിപ്പിക്കുവാൻ) അധികാരം ഉള്ളവനെ ഭയപ്പെടുവിൻ".

യഹോവസാക്ഷികളുടെ അഭിപ്രായപ്രകാരം മരിക്കുന്നതോടുകൂടി പൂർണ്ണമായി അവസാനിക്കുന്നു എങ്കിൽ നരകത്തിൽ എറിഞ്ഞുകളയുവാൻ, ശിക്ഷിക്കുവാൻ എന്നാണ് അവശേഷിക്കുന്നത്?- **If the man ceased to exist when his body was killed, what would be left afterward to be thrown into Gehenna ?**

2 കൊരിന്ത്യർ 5-ാം അദ്ധ്യായത്തിൽ അപ്പൊസ്തലനായ പൌലോസ് ശരീരത്തെ പരാമർശിച്ചുകൊണ്ടു "കൂടാരമായ ഭൗമ ഭവനം" — **the earthly tent we live in**— എന്നും 'ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു'—**would rather be away from the body and at home with the lord—Vs 8**— എന്നും പറയുന്നു. കൂടാതെ 8 മുതൽ 10 വരെ വാക്യങ്ങളിൽ "ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ **അവനെ പ്രസാദിപ്പിക്കുന്നവർ** ആകുവാൻ അഭിമാനിക്കുന്നു. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു

നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" എന്ന് താക്കീതും നൽകുന്നു

ശരീരം വിട്ടാൽ കർത്താവിനെ ഏതു ഭാഗം കൊണ്ടു പ്രസാദിപ്പിക്കും ? ശരീരം മരിക്കുന്നതോടെ പൂർണ്ണമായും മനുഷ്യൻ ഇല്ലാതാകുന്നുവെങ്കിൽ എങ്ങനെ "തക്കവണ്ണം പ്രാപിക്കുന്നതിനായി വെളിപ്പെടുവാൻ കഴിയും.?

പൌലോസിന്റെ മരണത്തിനുശേഷം... ഏതു ശരീരഭാഗമാണ് കർത്താവിനോടു കൂടെ വസിപ്പാൻ കഴിയുന്നത്? **What part of Paul Could leave his body and go to be with the Lord ?**

വീക്ഷാഗോപുരക്കാർക്ക് എന്തു പററി ? അറിവില്ലായ്മയാൽ പലതും പഠിപ്പിക്കേണ്ടി വരുന്നതിനാൽ (സംഘടനയുടെ നിർബ്ബന്ധത്താൽ .. ) അവരെ കുററപ്പെടുത്താതെ അവർക്കുവേണ്ടി പ്രാർത്ഥിക്കുക. അവരെ നേടേണ്ടതിനായി.....!

കൂടാതെ ഈ വിഷയത്തിന്റെ തെളിവിലേക്കായി വെളിപ്പാടു 6:9-11-അവരുടെ 'ബൈബിളിൽ' നിന്നു തന്നെ വായിപ്പിക്കുക....ആ വേദഭാഗത്തിൽ "അറുക്കപ്പെട്ടവരുടെ ആത്മാക്കളെ" കാണുന്നതിനെക്കുറിച്ചും. അവരുടെ രക്തത്തോടു ദൈവം എന്താണ് പ്രതികാരം നടത്താതിരിക്കുന്നത്—എന്ന് ഉറക്കെ അവർ നിലവിളിക്കുന്നതിനെ കുറിച്ചും പറയുന്നു. കൂടാതെ അവർക്ക് വെള്ളനിലയങ്കി നൽകുന്നതായും അൽപകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്ന് അരുളപ്പാടും നൽകുന്നതായി എഴുതിയിരിക്കുന്നു.

ഇവർ മരിച്ചവരാണ്. പക്ഷേ അവർ ദൈവസന്നിധിയിൽ നിൽക്കുന്നതായും ദൈവത്തോടു സംഭാഷണം നടത്തു

കയും ചെയ്യുന്നു. മരിക്കുന്നതോടുകൂടി ഇല്ലാതാകുമെങ്കിൽ ഈ കാര്യം എങ്ങനെ മനസ്സിലാക്കും ?

കൂടാതെ സങ്കീർത്തനം 146:3, സഭാപ്രസംഗി 9:5, എന്നീ വേദഭാഗങ്ങളെക്കുറിച്ച് നേരത്തേ നൽകിയ പഠനങ്ങളും ഇനി വിശദീകരിക്കാനിരിക്കുന്ന ലൂക്കോസ് 16:22-28, 23: 43 എന്നീ ഭാഗങ്ങളും ശ്രദ്ധിക്കുമല്ലോ ഈ വിഷയത്തിന്റെ അറിവിലേക്കായി....!

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഐക്യതയിൽ വസിക്കുന്നതു എത്ര മനോഹരം

ഡേവിഡ്. എം. വി.

''സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു'' എന്ന് സങ്കീർത്തനക്കാരൻ അനേക വർഷങ്ങൾക്കു മുൻപ് പ്രസ്താവിച്ചിരിക്കുന്നു. വില മതിക്കാനാവാത്ത ഒരു ഘടകമാണ് ഐക്യത എന്നു പറയാം. കർത്താവിന്റെ ജനങ്ങളുടെ മദ്ധ്യേ ഐക്യത തകർക്കുവാൻ ഒരു പുരുഷനെയോ സ്ത്രീയെയോ അനുവദിക്കരുതു. പ്രിയ സഹോദരന്മാരേ, എഫേസൊസിലുള്ള വിശുദ്ധന്മാർക്കു പൌലൊസ് എഴുതുന്നതു; ''കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നതു: നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം പൂർണ്ണവിനയത്തോടും സൌമ്യതയോടും നിർമ്മലതയോടും കൂടെ നടക്കയും സ്നേഹത്തിൽ അന്യോന്യം പൊ

റുക്കയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ" (എഫെസ്യർ 4:1-3).

ഓരോ ക്രിസ്ത്യാനിയിലും ക്രിയാത്മകമായ പരിശ്രമം ഇതിന് കൂടിയേ തീരു. ദൈവവും തന്റെ ആത്മാവും ഖണ്ഡിച്ചിരിക്കുന്ന ഭിന്നതയെ അനുകൂലിക്കയും അതിനെ ന്യായീകരിക്കയും ചെയ്യുന്ന സ്വഭാവം ദൈവഹിതത്തിന് എതിരാണെന്ന് തീർത്തു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഭിന്നത ആത്മാക്കളുടെ നാശത്തേയും സഭയുടെ തളർച്ചയേയും എടുത്തു കാണിക്കുന്നു. ക്രിസ്തുവിനെ യഥാർത്ഥത്തിൽ പിൻപററുന്ന വ്യക്തികാം ഓരോരുത്തരും ഈ ആവശ്യത്തിനായി നിരന്തരം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. സംസാരത്തേക്കാൾ അധികം പ്രവർത്തനമാണ് നമുക്കാവശ്യം. പ്രസംഗത്തേക്കാളുപരി ജീവിതമാണ് ഇന്നത്തെ സാഹചര്യത്തിൽ നമുക്കു നേരെ ഉയർന്നിട്ടുള്ള വെല്ലുവിളി. ദൈവ ഭവനത്തിലെ അംഗങ്ങളായ സഹോദരങ്ങൾ പരസ്പരം സമാധാന കാംക്ഷികളെങ്കിൽ സമാധാനമുണ്ടാക്കുന്നവരാകണം. അതു അന്യോന്യമുള്ള യോജിപ്പു മൂലം പുറത്തുള്ളവർ അറിയുവാൻ സംഗതി വരും.

സഭയ്ക്കുള്ളിലെ അനൈക്യം പാപമാണ്. ദൈവം വെറുക്കുന്ന ഒന്നാണതു (സദൃശ്യവാക്യം 6:19). ദൈവത്തിന്റെ സത്യത്തിനു വ്യാപരിക്കുവാനുള്ള തടസമുണ്ടാക്കുന്ന വിഷമാണ് സഭക്കുള്ളിലെ സഹോദരൻമാർക്കിടയിലെ വിരോധം. ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുന്നവരാണ് നാമെങ്കിൽ നമുക്കിടയിൽ സമാധാനമാണ് ആവശ്യം. കൈപ്പോ ഈർഷ്യയോ വെച്ചു പുലർത്തുന്ന സഹോദരങ്ങൾ ക്രിസ്തുവിനും അവന്റെ സഭയ്ക്കും എന്നേക്കും ലജ്ജയാണ് വരുത്തിവെക്കുന്നതു. ഒന്നാം നൂററാണ്ടിൽ സഭ വളർന്നുകൊണ്ടിരുന്നു. സന്തോഷവും സമാധാനവും അവർ ആസ്വദിച്ചുകൊണ്ടിരുന്നു. അങ്ങനെ യെഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും സഭെക്കു സമാധാനം ഉണ്ടായി. അതു ആത്മീക വർദ്ധന പ്രാപിച്ചും കർത്താവി

നോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനത്തിലും നടന്നും പെരുകിക്കൊണ്ടിരുന്നു (പ്രവൃ. 9:31).

ഇങ്ങനെ സഭയിൽ യാതൊരു പ്രശ്നമോ മുറുമുറുപ്പോ ഒരിക്കലും ഇല്ലാതിരുന്നതുകൊണ്ട് അവർക്കു സമാധാനം അനുഭവപ്പെട്ടു. അതിനാൽ അവർ ആത്മീയമായി വളരുകയും വർദ്ധിച്ച് പെരുകുകയും ചെയ്തു. അന്നു വിശ്വസിച്ചവരുടെ കൂട്ടം ഒക്കെയും ഏക ഹൃദയവും ഏക മനസ്സും ഉള്ളവരായിരുന്നു. ആകയാൽ നാം അന്യോന്യം ആത്മീക വർദ്ധനെക്കും സമാധാനത്തിനും ഉള്ളതു ശ്രമിച്ചു കൊൾവിൻ (റോമർ 14:19). വിയോജിപ്പ് സഹോദരവർഗ്ഗത്തിൽ ഉണ്ടാക്കുന്നതു അവിശ്വാസമാണ്. ലോകത്തിനു മാതൃക കാണിച്ചു കൊടുക്കേണ്ടവർ തന്നെ അപവാദത്തിനു അവസരം കൊടുക്കുകയാണ്. അതെത്ര ദുഃഖകരമായ കാര്യമെന്ന് ഓർത്തു നോക്കു. അതു ജഡത്തിന്റെ ചിന്തയും പ്രാകൃത സ്വഭാവവുമാണ്. ഒരാൾ ദൈവീക നീതി കണ്ടു നിത്യജീവങ്കലേക്കു പ്രവേശിക്കുന്നതിനു ഈ അകൽച്ച കാരണമായെങ്കിൽ ന്യായവിധിയിൽ നിന്ന് ഇവർ തെറ്റി ഒഴിയുമോ ?

ഐക്യതക്കുവേണ്ടി അദ്ധ്വാനിക്കയും എല്ലായ്പ്പോഴും അപേക്ഷിക്കുകയും ചെയ്ത കർത്താവ് ഒരിക്കലും ഇതിൽ സന്തുഷ്ടനല്ല എന്ന് ഓർമ്മിക്കുക. സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും (മത്തായി 5:9). കർത്താവ് ദീർഘക്ഷമയും മനസ്സലിവും ഉള്ളവനാണ്. പക്ഷെ വൈപരീത്യമുള്ളവാക്കി സഭയെ ച്ഛിദ്രിക്കുന്നതു അവൻ വെറുക്കുന്നു. നമ്മുടെ ആയുസിൽ കർത്താവിനെ സ്നേഹിക്കുന്ന എല്ലാവരേയും ഒന്നിപ്പിച്ച് നിർത്തുവാൻ നമ്മളാൽ ആകുന്ന രീതിയിൽ പ്രവർത്തിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യണം. കൂട്ടായ്മയുടെയും സഹോദര പ്രീതിയുടേയും മഹത്വം ലൗകീക മനുഷ്യർ കണ്ടു അവർ തിരിച്ചറിവുള്ളവരും കർത്താവിൽ വിശ്വസിച്ച് അവനെ പിൻപറ്റുന്നവരും ആയിത്തീരട്ടെ.

# ക്രൂശും ദൈവ പദ്ധതിയും

## സ്ററീവ് വില്ല്യംസ്

യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണം ദൈവമനസ്സിൽ പെട്ടെന്ന് പൊട്ടി പുറപ്പെട്ട ഒരു ആശയമായിരുന്നില്ല. പെന്തെക്കൊസ്തു നാളിലെ പത്രൊസിന്റെ പ്രസംഗത്തിൽ എടുത്തു പറഞ്ഞ പ്രസ്താവന അതു വെളിപ്പെടുത്തുന്നു. "യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടുകൊൾവിൻ, നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും, അൽഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായി നസ്രായനായ യേശുവിനെ ദൈവം തന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനാലും ഏൽപിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു (പ്രവൃത്തി 2:23). ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലൊ. അവൻ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിയപ്പെട്ടവനും അവൻ മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തം ഈ അന്ത്യകാലത്തു വെളിപ്പെട്ടവനും ആകുന്നു (1 പത്രൊസ് 1:19-20).

മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപു തന്നെ ദൈവത്തിനു അറിയാമായിരുന്നു മനുഷ്യൻ പാപം ചെയ്തു ദൈവത്തിൽ നിന്നു അകന്നു പോകുമെന്ന്. പക്ഷെ ദൈവം, മനുഷ്യരെ പാപത്തിൽ നിന്ന് ഉദ്ധരിക്കുവാൻ തന്റെ പുത്രനായി യേശുവിനെ അയക്കുമെന്ന രക്ഷാപദ്ധതി ഒരുക്കിയിരുന്നു. കാലസമ്പൂർണ്ണതയിൽ മശിഹ മനുഷ്യാവതാരമെടുക്കുന്നതിനു വളരെ വളരെ മുൻപു തന്നെ ദൈവം നിശ്ചയിച്ചു കഴിഞ്ഞ കാര്യമായിരുന്നു ഇതു. പഴയ നിയമ

പ്രവാചകൻമാരിൽ പലരും ക്രിസ്തു വരുമെന്നും കഷ്ടമനുഭവിക്കയും മരിക്കയും ചെയ്യുമെന്ന് മുൻകൂട്ടി അറിയിക്കയുണ്ടായി. യെശയ്യാവ് 53-ാം അദ്ധ്യായവും സങ്കീർത്തനം 22-ാം അദ്ധ്യായവും വായിച്ചാൽ അതു വ്യക്തമാകും. അപ്പോൾ യെഹൂദൻമാർക്കിടയിൽ വന്ന് അരുളപ്പാടുകൾക്കനുസരിച്ച് സകലവും നടന്നുകൊണ്ടിരുന്നിട്ടും ആളുകൾ ഭൂരിഭാഗവും അതു അംഗീകരിക്കാതെ പോയി. ദൈവപദ്ധതിയിൽ ഒരു മാററവും വരുത്താതെ അതങ്ങനെ തന്നെ നടപ്പാക്കുകയായിരുന്നു. അതിനാൽ യേശുവിൻെറ മരണം യാദൃശ്ചികമായി സംഭവിച്ചതല്ല. ദൈവത്തിൻെറ മുൻനിർണ്ണയപ്രകാരം തന്നെ നടന്നതായിരുന്നു. മനുഷ്യരുടെ കയ്യാൽ അവനെ ഏൽപിച്ചുകൊടുത്തതും ദൈവത്തിൻെറ നിശ്ചയം തന്നെയായിരുന്നു.

ബൈബിളിലെ വിസ്മയാവഹമായ വചനങ്ങളിലെ മർമ്മങ്ങൾ രണ്ടാം നൂററാണ്ടിലെ എഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവചനസത്യങ്ങളെ പരിശോധിച്ച് മനസിലാക്കിയാൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച തെററിദ്ധാരണ ഒഴിവാക്കാൻ കഴിയും. സ്വയമായി പിതാവിൻെറ ഇഷ്ടം നിറവേററുവാനാണ് കർത്താവ് വന്നതു എന്ന് അസന്നിഗ്ദ്ധമായി വെളിപ്പെടുത്തിയിരുന്നു. ദൈവനീതി നിറവേററുകയും മനുഷ്യരുടെ നാശം ഒഴിവാക്കുകയും വേണം. ഇതാണ് നിത്യമായ പദ്ധതി. പാപത്തിനു ശിക്ഷ വിധിക്കയും ആത്മാവിനെ രക്ഷിക്കുവാനുള്ള പദ്ധതിയായിരുന്നു ദൈവം രൂപപ്പെടുത്തിയതു.

യേശുവിൻെറ മരണവും അടക്കവും ഉയിർത്തെഴുന്നേൽപ്പും ദൈവത്തിൻെറ മനസിലെ തീരുമാനമായിരുന്നു. മററൊരു മാർഗ്ഗത്തെ കുറിച്ച് മനുഷ്യനു ചിന്തിക്കേണ്ട ആവശ്യമില്ല. ദൈവം രൂപപ്പെടുത്തിയ മാർഗ്ഗത്തിൽ നാം വിശ്വസിക്കുകയും, അതിൽ സംശയം വെച്ചു പുലർത്താതെ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്യുക. ഒരു യാഗം എല്ലാകാലത്തേക്കും നടത്തിയിട്ട് എന്നേക്കുമുള്ള ഒരു വീണ്ടെടുപ്പ്

സാദ്ധ്യമാക്കി. ജീവനുള്ള ഒരു ബലി അർപ്പിക്കപ്പെട്ട ത്യാഗം ഇന്നും പരസ്യമായി ഒരു കാഴ്ചയാക്കി വെച്ചിരിക്കുന്നു. ദൈവസ്നേഹമാണ് ഇതു തെളിയിക്കുന്നതു.

ഇന്നത്തെ നമ്മുടെ കർത്തവ്യം നമുക്ക് ഈ യാഗത്തോട് എത്രമാത്രം പങ്കുണ്ട് എന്നതാണ്. ദൈവകൃപയും നീതിയും നാം അവന്റെ ഇഷ്ടപ്രകാരം സ്വീകരിച്ചിട്ടുണ്ടോ ? രക്ഷാപദ്ധതി ദൈവത്തിന്റെ വചനത്തിൽ പറയുന്നപ്രകാരം നാം അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതെന്തുകൊണ്ട്? വിഘാതമായി നിൽക്കുന്നതെന്ത് ? യേശുക്രിസ്തു നിമിത്തം സകലതും ശോധന ചെയ്തു മൂല്യനിർണ്ണയം ആത്മാവിനു നൽകി നിങ്ങളുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിക്കുമല്ലോ.

★

# ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ

**T. C. രാജൻ തുമരംപാറ**

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ക്രിസ്തു വിശ്വാസികൾ [സഭ] കൂടിവരുമ്പോൾ അനുഷ്ഠിക്കേണ്ടതായ ദൈവീക കൽപന എന്താണെന്ന് അപ്പൊസ്തലനായ ലൂക്കൊസ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് തിരുവചനാടിസ്ഥാനത്തിൽ വളരെ വിലപ്പെട്ട ഒന്നാണ്. ഒന്നാം നൂററാണ്ടിൽ അപ്പൊസ്തലൻമാർ [അയക്കപ്പെട്ടവർ] ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടി വന്നിരുന്നത് കർത്താവിന്റെ കൽപന അനുസരിക്കുക അഥവാ "അപ്പം നുറുക്കുക" എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു [അപ്പൊ. 20:7]. എങ്കിൽ ഇന്നത്തേയും വിശ്വാസികൾ ഇവ അനുവർത്തിക്കേണ്ടതാണ്.

കർത്താവു പറഞ്ഞു. "ഇതു വാങ്ങി ഭക്ഷിപ്പിൻ, ഇതു എൻെറ **"ശരീരം"** പിന്നെ പാനപാത്രം എടുത്തു ഇത് എല്ലാവരും വാങ്ങി കുടിപ്പിൻ. ഇത് എൻെറ **"രക്തം"** [മത്താ. 26:26-27]. ഇവിടെ ഒരു വാക്ക് ശ്രദ്ധേയമാണ്. "ശിഷ്യന്മാർക്കു കൊടുത്തു" ഒന്നാം നൂററാണ്ടിലെ "ശിഷ്യൻ മാർക്കു മാത്രമായി കൊടുത്ത കൽപനയല്ല ഇന്നത്തേയും വിശ്വാസികരം അനുസരിക്കേണ്ട കൽപ്പനയാണ്. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ് ? അനേകം വിഭാഗങ്ങരം ഈ കൽപനയെ മറിച്ചുകളഞ്ഞു. ഒന്നാം നൂററാണ്ടിലെ വിശ്വാസികരം ആഴ്ചവട്ടത്തിൻെറ ഒന്നാം നാരം തന്നെ ഈ കൂട്ടായ്മ പങ്കിട്ടിരുന്നു. ഇന്ന് അങ്ങനെയല്ല. ചിലരുടെയെല്ലാം സൗകര്യാർത്ഥം ദൈവത്തിൻെറ കൽപന പുതുക്കിയിരിക്കുകയാണ്. ചിലരുടെ ആഴ്ചവട്ടം മാസത്തിൽ ഒരിക്കലും; മററു ചിലരുടേത് രണ്ടു മാസം കൂടുമ്പോഴും; വർഷത്തിലൊരിക്കലുമായി പരിണമിച്ചിരിക്കുന്നു [ആഴ്ചതോറും നടത്തുന്നവരുമുണ്ട്] കർത്താവു പറഞ്ഞു, നിങ്ങരം എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ കൽപനകളെ കാത്തുകൊള്ളും [യോഹ. 14:15]. കർത്താവു നമ്മെ സ്നേഹിച്ചതുപോലെ നാമും അവനെ സ്നേഹിക്കുന്നുവെങ്കിൽ അവൻെറ ഈ കൽപനയെ നാം അനുസരിച്ചേ മതിയാവുകയുള്ളു. കർത്താവിൻെറ സന്തോഷം നമ്മിൽ ഇരിപ്പനും നമ്മുടെ സന്തോഷം പൂർണ്ണമാകുവാനുമാണ് ഇതു പറഞ്ഞത്. എൻെറ കൽപനകളെ അനുസരിക്കുക [എല്ലാ കാര്യങ്ങളിലും] [യോഹ. 15: 10-11]. കർത്താവിനെ സ്നേഹിക്കുന്നു എന്നു പറയുകയും അവൻെറ ഈ കൽപനയെ [ഓർമ്മയെ] അനുസരിക്കുകയും ചെയ്യുന്നില്ല എങ്കിൽ എന്തു പ്രയോജനം ? ഇത് എൻെറ ഓർമ്മക്കായി ചെയ്യുവിൻ [1 കൊരി. 11:24].

ആരാണ് ഈ ഓർമ്മ അനുഷ്ഠിക്കുവാൻ യോഗ്യർ എന്ന് ചിന്തിക്കുന്നത് ഉചിതം തന്നെ. പത്രൊസ് അപ്പൊസ്തലൻെറ വാക്കുകളിൽ ഇത് ശ്രദ്ധേയമാണ്. "ഈ വക്രതയുള്ള തലമുറയിൽ നിന്ന് **"രക്ഷിക്കപ്പെടുവിൻ"** എന്നു പറഞ്ഞു. അവൻെറ വാക്കു കൈക്കൊണ്ട

വർ "സ്നാനം" ഏററു. അന്ന് മൂവായിരത്തോളം പേർ അവരോടു ചേർന്നു. അവർ അപ്പൊസ്തലൻമാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു [അപ്പൊ. 2:40-42]. അങ്ങനെയെങ്കിൽ രക്ഷിക്കപ്പെട്ടവർക്കുമാത്രം ഉള്ളതാണ് ഈ ഓർമ്മ. രക്ഷിക്കപ്പെടുക എന്നു പറഞ്ഞാൽ പാപത്തിൽ നിന്ന് മോചനം പ്രാപിക്കുക എന്നർത്ഥം. ഈ ക്രിയ നടക്കണമെങ്കിൽ വായ് കൊണ്ട് ഏററു പറയുകയും ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്തെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ഉദാ: നിങ്ങൾക്ക് ഞാനൊരു നല്ല സമ്മാനം തരുവാൻ ആഗ്രഹിക്കുന്നു. അത് എന്തു തന്നെയായാലും നിങ്ങൾക്കുള്ളതാണ്. എങ്കിലും ആരും വന്ന് അത് എൻെറ കൈയ്യിൽ നിന്ന് വാങ്ങിക്കുന്നില്ലായെങ്കിൽ നിങ്ങൾക്ക് ആ സമ്മാനം സ്വന്തമാകുന്നില്ല. ആര് ആ സമ്മാനം ചോദിച്ചു വാങ്ങുന്നുവോ അവർക്ക് സ്വന്തമായി സമ്മാനം ലഭിക്കും.

ഇതേ രീതിയിൽകർത്താവായ യേശുക്രിസ്തുവിൻെറ ക്രൂശിലെ മരണംമൂലം സർവ്വ ലോകജനതയ്ക്കും വീണ്ടെടുപ്പ് സാദ്ധ്യമാക്കിയിരിക്കുകയാണ്. യേശുവിനെ കർത്താവു എന്ന് വായികൊണ്ട് ഏററു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേൽപിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും", [റോമർ 10:9-10]. പുത്രനായ യേശുവിൻെറ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു [1 യോഹ 1:7]. തിരുവചനം വീണ്ടും പറയുന്നു നമ്മുടെ പാപങ്ങളെ ഏററു പറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാകുന്നു [1 യോഹ. 1:9]. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ മനസ്സാന്തരം ഉണ്ടാകണം രക്ഷിക്കപ്പെടുവാൻ. ഈ പദത്തിന് ഗ്രീക്കിൽ "മെററം നോസ്" എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, വേറൊരു മനസുണ്ടാവുക; മനസിനു മാററം

വരുത്തുക എന്നർത്ഥമാകുന്നു. രക്ഷിക്കപ്പെടുന്ന മനുഷ്യനിൽ [മാനസാന്തരപ്പെടുന്ന] ഒരു മരണമാണ് സംഭവിക്കുന്നത്. "അവ്വണ്ണം തന്നെ നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്ന് എണ്ണുവിൻ [റോമർ 6:11].

പാപത്തെ മരിപ്പിച്ചു [ഉപേക്ഷിച്ചു] എങ്കിൽ മാത്രമേ യേശു ക്രിസ്തുവിന് ഒരു മനുഷ്യന്റെ ഉള്ളിൽ വസിക്കുവാൻ സാധിക്കുകയുള്ളു. അപ്രകാരം ഒരു വിശ്വാസിയായ മനുഷ്യൻ പാപസംബന്ധമായി മരിച്ചവൻ എന്ന് വ്യക്തമായി. സർവ്വസാധാരണമായി മരിച്ച മനുഷ്യനെ കുഴിച്ചിടുകയാണ് പതിവ്. അടക്കം ചെയ്യാതെ വച്ചിരുന്നാലുള്ള സ്ഥിതി എന്താണെന്ന് ഞാൻ പറയാതെ തന്നെ നമുക്ക് അറിയാവുന്നതാണ്. ചില മണിക്കൂറുകൾ കഴിയുമ്പോൾ ശരീരം ജീർണ്ണിച്ച് നാററം വച്ചു തുടങ്ങും എന്നതുപോലെ പാപസംബന്ധമായി മരിച്ച മനുഷ്യനെയും കുഴിച്ചിടേണ്ടത് അത്യാവശ്യമാണ്. ഈ അവസരത്തിൽ മുമ്പു ചിന്തിച്ച വാക്യത്തിന് [അപ്പൊ. 2:41] ഇവിടെ പ്രസക്തിയുണ്ട്. "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനമേററു".-രക്ഷിക്കപ്പെടുവാൻ ചെയ്യേണ്ടതായ അടുത്ത പടിയാണ് സ്നാനം. ഈ സ്നാനത്തിലൂടെ മുൻപ് മരിച്ച [പാപസ്വഭാവം] മനുഷ്യനെ കുഴിച്ചിടുകയാണ് ചെയ്യുന്നത്. അവന്റെ മരണത്തിൽ പങ്കാളികളായിതീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു [റോമർ. 6:4]. സ്നാനം എന്നതിന് ഗ്രീക്കു വാക്ക് "ബാപ്ററിസോ" എന്നാണ്. ഇതിന് മുങ്ങുക, ആഴ്ത്തുക, നിമഞ്ജനം ചെയ്യുക എന്നീ അർത്ഥങ്ങളാണുള്ളത്. എന്നാൽ ഇന്നു ചിലർ സ്നാനം കഴിപ്പിക്കാറുണ്ട് തിരിച്ചറിവുപോലുമില്ലാത്ത ശിശുക്കളെ. അവരുടെ അറിവു കൂടാതെ തലയിൽ അൽപം വെള്ളം തളിച്ചിട്ട് അതിന് സ്നാനം [മുക്കുക] എന്ന പേരും നൽകിയിരിക്കുന്നു. ഇത് ശരിയായ സ്നാനമോ ?-ഇത് വചനവിരുദ്ധമാണ്. ഫിലിപ്പൊസ് ഷണ്ഡനോടു പറഞ്ഞതുപോലെ പൂർണ്ണ വിശ്വാസം വന്നവരെ മാത്രം സ്നാനപ്പെടുത്തുക [അപ്പൊ.

8.34-38]. മുഴുകൽ സ്നാനം ആർക്കും ഒരിക്കലും നിഷേധിക്കുവാൻ പാടുള്ളതല്ല കർത്താവ് യോഹന്നാനാൽ യോർദ്ദാനിൽ സ്നാനമേറ്റതായി നാം വായിക്കുന്നു. തന്നെയുമല്ല ശിഷ്യൻമാരോടു അവൻ പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടിരിക്കുന്നു ആകയാൽ നിങ്ങൾ പുറപ്പെട്ട് ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ'' **സ്നാനം** കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ [മത്താ. 28:18-20]. യേശുക്രിസ്തുവിന്റെ കൽപനയാണ് സ്നാനം. രക്ഷിക്കപ്പെടുവാൻ അനുസരിക്കേണ്ടതാണ്-ഈ ദൈവീക കൽപനകൾ പ്രമാണിച്ചവർ ചെയ്യേണ്ടുന്ന പ്രവർത്തിയാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ അപ്പം നുറുക്ക് എന്നുള്ളത്. ഇത് എന്റെ ഓർമ്മക്കായി ചെയ്യുവിൻ [ലൂക്കൊ. 22:19]. അവന്റെ കൽപനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം [1 യോഹ. 5:3].

ഈ അപ്പം നുറുക്കുന്നതിലൂടെ കർത്താവ് എന്താണുദ്ദേശിച്ചത് എന്നു നോക്കാം. നാം നുറുക്കുന്ന അപ്പം ക്രിസ്തുവിന്റെ **"ശരീരത്തിന്റെ കൂട്ടായ്മ"** അല്ലയോ നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തുവിന്റെ **"രക്തത്തിന്റെ കൂട്ടായ്മ"** അല്ലയോ? അപ്പം ഒന്നാകകൊണ്ട് പലരായ നാം ഒരു ശരീരമാകുന്നു [1 കൊരി. 10:16-17]. വയലിൽ വിളയുന്ന അനേകം ഗോതമ്പു മണികൾ ഒരു മില്ലിൽ നുറുക്കി പൊടിച്ച് വരുന്ന മാവുകൊണ്ട് തയ്യാറാകുന്ന ഈ അപ്പം പലരായ നാം ഭക്ഷിക്കുമ്പോൾ ഒരേ ശരീരമാകുമാറ് ഏകീഭവിക്കുന്നു. കാരണം അപ്പം ഒന്നാണ്.

★

(ശേഷം അടുത്ത ലക്കത്തിൽ)

# പ്രവാചകൻ

## J. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

രാജാവും ജനവും തങ്ങളുടെ തെററ് ബോദ്ധ്യപ്പെട്ടു ദൈവത്തോടു നിലവിളിച്ചു. ദൈവം അതു കേട്ടു. മഴ പെയ്യിപ്പിക്കുവാൻ പോകുന്നുവെന്നു ആഹാബിനെ അറിയിക്കുവാൻ ദൈവം ഏലിയാവോടു അരുളിച്ചെയ്തു. അവൻ അതു അനുസരിച്ചു. അവൻ സർവ്വജനത്തോടും ചെന്നു പറഞ്ഞു :

യഹോവ ദൈവമെങ്കിൽ നിങ്ങൾ അവനെ അനുഗമിപ്പിൻ. ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ. യഹോവയുടെ പ്രവാചകനായി ഒരുത്തൻ മാത്രമേ ശേഷിച്ചിരിക്കുന്നുള്ളു. ബാലിൻെറ പ്രവാചകൻമാരോ നാനൂററമ്പതു പേരുണ്ട്. അവർ എല്ലാപേരും ഒരു കാളയേയും ഞാൻ മറെറാരു കാളയേയും ഖണ്ഡം ഖണ്ഡമാക്കി തീയിടാതെ വിറകിൻ മേൽ വച്ച് ദൈവത്തെ വിളിച്ചപേക്ഷിക്കാം. തീ കൊണ്ടു ഉത്തരം അരുളുന്ന ദൈവം തന്നെ ദൈവമായിരിക്കണം. ഇതു എല്ലാവരും സമ്മതിച്ചു. ആദ്യം ബാൽ പ്രവാചകൻമാർ യാഗപീഠം പണിതു. അതിൽ വിറകു കൂട്ടി കാളയെ ഖണ്ഡിച്ചു അതിൻമേൽ വച്ചു അപേക്ഷിച്ചു. ഒരു ഉത്തരവും ലഭിച്ചില്ല. പിന്നെ ഏലിയാവ് യാഗപീഠം പണിതു വിറക് അടുക്കി. അതിനു ചുററും തോടു ഉണ്ടാക്കി അതിൽ വെള്ളം കെട്ടി നിർത്തി. വിറകിൽ വെള്ളം കോരി ഒഴിച്ചു നന്നായി നനച്ചു. എന്നിട്ടു യഹോവയോടു അപേക്ഷിച്ചു സ്വർഗ്ഗത്തിൽ നിന്നും അഗ്നി ഇറങ്ങി യാഗവസ്തുവിനെയും വിറകിനെയും ദഹിപ്പിച്ചു. തോട്ടിൽ ഉണ്ടായിരുന്ന വെള്ളവും വററിച്ചു. ഇതു കണ്ട ജനം യഥാർത്ഥ ദൈവത്തെ തിരിച്ചറിഞ്ഞു. തങ്ങളെ പററിച്ചു നടന്ന എല്ലാ ബാൽ പ്രവാചകൻമാരെയും

വാചകൻമാരേയും ഏലിയാവിന്റെ കൽപന പ്രകാരം അവർ കൊന്നു (1 രാജാ. 18:1, 21-40).

ഇതു ആഹാബിന്റെ ഭാര്യ ഇസബെല്ല അറിഞ്ഞു. അവരം കോപം കൊണ്ടു വിറച്ചു. ഏലിയാവിനെ കൊല്ലുവാൻ തീരുമാനിച്ചു. അവൻ അതു അറിഞ്ഞു ഭയന്നു ജീവരക്ഷക്കായിട്ടു അവൻ....അവിടെ നിന്നും പുറപ്പെട്ടു. വഴിമദ്ധ്യേ എലീശായെ കണ്ടെത്തി. അവനെ ശിഷ്യനായി സ്വീകരിച്ചു (1 രാജാ. 18:1, 21-40).

ആഹാബ് നാബോത്തിന്റെ മുന്തിരിത്തോട്ടം അതിയായി ആഗ്രഹിച്ചു. ഇസബെല്ല നാബോത്തിനെ കൊല്ലിച്ചു അതു കൈവശപ്പെടുത്തുവാൻ ഭർത്താവായ ആഹാബിനെ സഹായിച്ചു. എല്ലാം കാണുന്ന ദൈവം അതിനുള്ള തന്റെ ശിക്ഷയെ അവനു ബോധ്യപ്പെടുത്തി കൊടുക്കുവാൻ ഏലിയാവിനെ നിയോഗിച്ചു. ആഹാബ് മുന്തിരിത്തോട്ടത്തെ കൈവശപ്പെടുത്തുവാൻ പോകുമ്പോരം ഏലിയാവ് അവനെ എതിരേററു ദൈവശിക്ഷയെപ്പററി അറിയിച്ചു. അതു കേട്ടപ്പോരം അവൻ പശ്ചാത്തപിച്ചു സ്വയം താഴ്ത്തി. അതിൽ ദൈവം സംപ്രീതനായി. അവനു നൽകാനിരുന്ന ശിക്ഷ അവന്റെ മകന്റെ കാലത്തേയ്ക്കു മാററികൊടുത്തു
(2 രാജാ. 21:8-29).

ആഹാബിന്റെ കാലം കഴിഞ്ഞപ്പോരം അവന്റെ മകൻ അസഹ്യാവു ഇസ്രായേൽ രാജാവായി. അവൻ ശമര്യയിലെ തന്റെ മാളികയുടെ കിളിവാതിലൂടെ വീണു ദീനം പിടിച്ചു കിടന്നു. എക്രോനിലെ ദേവനായ ബാൽസെബൂബിനോടു തന്റെ രോഗത്തെ കുറിച്ചു ചോദിച്ചറിയുവാൻ ദൂതൻമാരെ അയച്ചു. വഴിമദ്ധ്യേ ഏലിയാവു ദൈവത്തിന്റെ അരുളപ്പാടു അവർക്കു ഇപ്രകാരം വെളിപ്പെടുത്തികൊടുത്തു. യിസ്രായേലിൽ ദൈവം ഇല്ലാഞ്ഞിട്ടോ നിങ്ങരം എക്രോനിലെ ദേവനായ ബാൽസെബൂബിനോടു അരുളപ്പാടു ചോദിക്കുവാൻ അയക്കുന്നത് ? ഇതു നിമിത്തം നീ കയറിയിരിക്കുന്ന കട്ടിലിൽ നിന്നു ഇറങ്ങാതെ നിശ്ചയമായും മരിക്കും.

എന്നു അവനോടു പറവിൻ. അവർ മടങ്ങി രാജാവിനെ ഈ വിവരം ധരിപ്പിച്ചു. ഇതു പറഞ്ഞയച്ചതു് ഏലിയാവ് ആണെന്ന് അവൻ മനസ്സിലാക്കി. രാജാവ് കോപിച്ചു. ഏലിയാവിനെ കൊണ്ടുവരുവാനായി അമ്പതു ആളെയും അവർക്കു അധിപനായ ഒരുത്തനെയും അയച്ചു. മലമുകളിൽ ഇരുന്ന ഏലിയാവിനെ അവർ സമീപിച്ചു അഹങ്കാരത്തോടു കൂടി രാജകൽപന അറിയിച്ചു. എന്നാൽ ഏലിയാവിൻെറ പ്രാർത്ഥന പ്രകാരം ദൈവം അവരെ തീയാൽ നശിപ്പിച്ചു. രണ്ടാമതും രാജാവ് അതുപോലെ ആളുകളെ അയച്ചു. അവരും അഹങ്കാരത്തോടുകൂടി അവനോടു പെരുമാറിയതിനാൽ അവരും തീയാൽ നശിച്ചു.

മൂന്നാമതും രാജാവ് അതുപോലെ ആളുകളെ അയച്ചു. അവരുടെ അധിപതി ആദ്യം അവൻെറ മുമ്പിൽ മുട്ടുകുത്തി അപേക്ഷിച്ചു: ദൈവപുരുഷനയുള്ളോവേ എൻെറ പ്രാണനേയും ആദരിക്കേണമേ. ആകാശത്തു നിന്നും തീ ഇറങ്ങി അമ്പതുപേർക്കു അധിപതിമാരായ മുമ്പിലത്തെ രണ്ടുപേരേയും അവരുടെ നൂറ് ആളുകളെയും ദഹിപ്പിച്ചു കളഞ്ഞുവല്ലോ; എന്നാൽ എൻെറ പ്രാണനെ ആദരിക്കേണമേ. അപ്പോൾ യഹോവയുടെ ദൂതൻ ഇവനോടുകൂടെ പോകുവാൻ ഏലിയാവോടു പറഞ്ഞു. അവൻ അതു അനുസരിച്ചു. അവൻ രാജാവിൻെറ അടുക്കൽ എത്തി, ദൈവത്തിൻെറ അരുളപ്പാട് അറിയിച്ചു. അതു പ്രകാരം രാജാവ് മരിച്ചു (2 രാജാ. 1:2, 3; 6, 9-17).

ദൈവം പ്രശംസിക്കപ്പെടുവാൻ തക്കവണ്ണം അവൻ ദൈവത്തിനായി ജീവിച്ചു; പ്രവചിച്ചു. അതിനാൽ യഹോവ ഏലിയാവേ ചുഴലിക്കാററിൽ സ്വർഗ്ഗത്തിലേക്കു എടുക്കുവാൻ തീരുമാനിച്ചു. ഇതു അവൻ അറിഞ്ഞു. അവൻ ഏലീശയോടുകൂടി തൻെറ മററു ശിഷ്യൻമാരെ ചെന്നു കണ്ടു.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# മനസു മാറുമോ

E. K. തോപ്പുപാറ

ഒന്നിച്ചൊരായിരം മിന്നാമിനുങ്ങുകൾ,
മിന്നിയും വീശിയും വെട്ടം പകർന്നാലും,
അന്തിക്കു കഞ്ഞിക്കടുപ്പെരിച്ചീടുവാൻ,
ഇത്തിരി തീ തരാൻ പറ്റുമോ മാനസ്സേ,

തുള്ളിലഞ്ഞീറര കുങ്കുമപ്പൂവേ,
ചന്തത്തിലിങ്ങനെ നിൽക്കുന്ന കണ്ടാൽ,
ആരും കൊതിക്കുമേ ഓമനപ്പൂവേ.
കാറ്റിലുലയുന്ന കാറ്റാടിപ്പൂവേ,

തേനൂറും വണ്ടിനു ദാഹം ശമിക്കുവാൻ,
ഓരിറ്റു തേൻ തരാൻ നിന്നാൽ കഴിയുമോ,
പുള്ളിപ്പുലിയുടെ പുള്ളിയെ മാറ്റുവാൻ,
സിംഹം നിനച്ചാലുമൊക്കുമോ മാനസ്സേ:

സൂര്യചന്ദ്രാതിയിൽ കൂടുകൾ കെട്ടുവാൻ,
എളുതല്ല കൂട്ടരെ നന്നായറിയുവിൻ,
അമ്മയെന്നുള്ള രണ്ടക്ഷരമെന്നുമേ;
ചുണ്ടിലുരയ്ക്കാത്തവരുണ്ടഹോ, ഇദ്ധരേ.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി. 3:7-13)

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും; ഞാൻ അവന്ന് ഉത്തരമരുളും. കഷ്ടകാലത്തു ഞാൻ അവനോടു കൂടെ ഇരിക്കും. ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും. ദീർഘായുസ്സുകൊണ്ടു ഞാൻ അവന്നു തൃപ്തി വരുത്തും. എന്റെ രക്ഷ അവന്നു കാണിച്ചുകൊടുക്കും'' (സങ്കീ. 91:10-16).

'ഞാൻ വേഗം വരുന്നു'. ഇനിയും താമസംവിനാ വേഗം വരാൻ പോകുന്ന നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവ് ദൈവമക്കൾക്ക് ഏറെ പ്രത്യാശ നൽകുന്ന ഒന്നാണ്. കർത്താവു മാത്രമല്ല അത് പ്രഖ്യാപിക്കുന്നത്, സ്വർഗ്ഗത്തിലെ ദൂതൻമാരും ആ സംഗതിയെ വിളംബരം ചെയ്യുന്നുണ്ട്. ഉയർത്തെഴുന്നേററ നമ്മുടെ കർത്താവ് ഭൂമിയിൽ തന്റെ ശിഷ്യൻമാർക്കും, മററു പലർക്കും പ്രത്യക്ഷനായശേഷം നാൽപതാം ദിവസം അവൻ സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്തു. 'ഒരു മേഘം അവനെ മൂടിട്ട് അവൻ അവരുടെ കാഴ്ചയ്ക്ക് മറഞ്ഞു. അവൻ പോകുന്നേരം അവർ ആകാശത്തിലേക്ക് ഉററു നോക്കുമ്പോൾ വെള്ള വസ്ത്രം ധരിച്ച രണ്ടു പുരുഷൻമാർ അവരുടെ അടുക്കൽ നിന്നു; ഗലീലാപുരുഷൻമാരേ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്തു? നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത

ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നേ അവൻ വീണ്ടും വരും". (അപ്പോ. 1:9-11).

മരണത്തിൽ നിന്നും ഉയർത്തെഴുന്നേററ കർത്താവ് സ്വർഗ്ഗാരോഹണത്തോടുകൂടി നമ്മുടെ കാഴ്ചയ്ക്ക് മറഞ്ഞിരിക്കുകയാണ്. എങ്കിലും അവൻ സദാസമയവും നമ്മോടുകൂടെയും തന്റെ സഭയാകുന്ന ദൈവരാജ്യത്തിൽ കർത്തൃത്വം നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. വീണ്ടും അവൻ ഒരു നാൾ ലോകത്തിനു ദൃശ്യമാകാൻ പോകുകയാണ്. തേജോമയനായ കർത്താവിനെ അന്ന് സകലരും കാണുവാൻ തക്കവണ്ണം അവൻ ആകാശത്തിൽ വെളിപ്പെടും. കർത്താവിന്റെ വീണ്ടും പ്രത്യക്ഷത ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടു ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1 തെസ്സ. 4:16, 17). "ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്ര കൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും (1 കൊരി. 15: 51, 52) "അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും; അന്നു ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാപിച്ചും കൊണ്ടു മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിൻമേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നതു കാണും" (മത്താ. 24:30). "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതൻമാരുമായി സ്വർഗ്ഗത്തിൽ നിന്ന് അഗ്നിജ്വാലയിൽ പ്രത്യക്ഷനായി—" (2 തെസ്സ 1:6;).

കർത്താവ് വീണ്ടും പ്രത്യക്ഷനാകുന്നത് ആകാശത്തിൽ ആകുന്നു. ഭൂമിയിലെ അവന്റെ ദൗത്യം കഴിഞ്ഞ് അവൻ മരിച്ചു അടക്കപ്പെട്ടു ഉയർത്തെഴുന്നേററ് സ്വർഗ്ഗത്തിലേക്ക് പോയി. അവൻ ഇനിയും തന്റെ സർവ്വമഹത്വത്തോടുകൂടി ആകാശത്തിൽ പ്രത്യക്ഷനാകാൻ പോകയാണ്. അപ്പോൾ അവനിൽ പ്രിയം വെച്ച തന്റെ മക്കൾ അവനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. അങ്ങനെ അവന്റെ രാജ്യമാകുന്ന ഭൂമിയിലെ കർത്താവിന്റെ സഭകളെ അവനോടുകൂടെ ചേർക്കപ്പെടുന്നു. മററുള്ളവരായ, ദൈവത്തെ അറിയാത്തവരേയും, യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവരെയും അവൻ ശിക്ഷിക്കും. "ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്ക് പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നത് ദൈവസന്നിധിയിൽ നീതിയല്ലോ" (2 തെസ്സ 1:7, 8)

"നല്ല പ്രവൃത്തിക്കുവേണ്ടുന്ന സ്ഥിരത പൂണ്ടു തേജസ്സും, മാനവും, അക്ഷതയും അന്വേഷിക്കുന്നവർക്കു നിത്യജീവനും ശാഠ്യം പൂണ്ടു സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും" (റോമ. 2:7, 8) "അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും; നിങ്ങൾ യെരുശലേമിൽ ആശ്വാസം പ്രാപിക്കും. അതു കണ്ടിട്ടു നിങ്ങളുടെ ഹൃദയം സന്തോഷിക്കും. യഹോവയുടെ കൈ തന്റെ ദാസൻമാർക്ക് വെളിപ്പെടും. ശത്രുക്കളോടോ അവൻ ക്രോധം കാണിക്കും. യഹോവ തന്റെ കോപത്തെ ഉഗ്രതയോടും തന്റെ ശാസനയെ അഗ്നിജ്വാലകളോടുകൂടെ നടത്തുവാൻ അഗ്നിയിൽ പ്രത്യക്ഷമാകും. അവന്റെ രഥങ്ങൾ ചുഴലിക്കാററുപോലെയായിരിക്കും. യഹോവ അഗ്നി കൊണ്ടും വാൾ കൊണ്ടും സകല ജഡത്തോടും വ്യവഹരിക്കും. യഹോവയുടെ നിഹതൻമാർ വളരെ ആയിരിക്കും" (യെശ. 66:13-16). "ന്യായ

വിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായല്ലോ. അതു നമ്മിൽ തുടങ്ങിയാൽ ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ അവസാനം എന്താകും? നീതിമാൻ പ്രയാസേന രക്ഷ പ്രാപിക്കുന്നു എങ്കിൽ അഭക്തന്റെയും പാപിയുടേയും ഗതി എന്താകും?'' (1 പത്രൊ. 4:17, 18).

ആയിരം ആണ്ട് കർത്താവും തന്റെ വിശുദ്ധരുമൊത്ത് ഇനിയും ഭൂമിയിൽ വാഴുമെന്ന് മിക്ക മതസംഘടനാസഭകളും പഠിപ്പിച്ചുവരുന്നു. കർത്താവ് ആകാശത്തിൽ പ്രത്യക്ഷനായശേഷം വീണ്ടും ഭൂമിയിൽ വരുമെന്ന് ഒററ വാക്യംപോലും ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. തന്നെയുമല്ല, ജഡത്തിൽ ഉള്ളവർക്കാണ് ഭൂമിയിലെ വാസം. കർത്താവിന്റെ വരവിങ്കൽ ക്രിസ്തുവിനുള്ളവർ രൂപാന്തരം പ്രാപിച്ച് ജഡശരീരങ്ങളെ അവർ വിട്ടുകളയുന്നു. ഭൂമി അതോടെ നശിക്കുകയും ചെയ്യുന്നു. ''അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും'' (2 പത്രൊ. 3:10). ''അന്ന് അവൻ എല്ലാ വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും നീക്കം വരുത്തിട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവർ ജീവിച്ച് ആയിരം ആണ്ടു ക്രിസ്തുവിനോടു കൂടിവാണു. അവർ ദൈവത്തിന്നും ക്രിസ്തുവിനും പുരോഹിതൻമാരായി ക്രിസ്തുവിനോടു കൂടെ ആയിരം ആണ്ട് വാഴും'' (വെളി. 20:4, 6). 'ആയിരം ആണ്ടു' എന്നുള്ള കണക്കും അതിന്റെ ആത്മീയ അർത്ഥവും ദൈവബുദ്ധിയിൽ മാത്രം ഒതുങ്ങുന്നവയാണ്. അത് മനുഷ്യബുദ്ധിയ്ക്ക് അപ്രമേയമാണ്.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnana-sundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9:00 to 9:15 P.M.
Fridays —7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays— 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays 1:45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

# END OF THE WORLD

## GOSPEL MEETINGS

At : CHURCH OF CHRIST BUILDING
(Behind Sanskrit College, Palayam, Tvm.)

Speaker : Bro. J. C. CHOATE
(Voice of Truth, International TV & Radio Speaker)

On : 29th & 30th October 1993
(Friday & Saturday)

Time : 6 : 30 P.M.

COME, HEAR THE SCRIPTURAL TRUTH ABOUT THE END OF THE WORLD. Don't Miss This Wonderful Opportunity.

ALL ARE WELCOME !

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To